

തിയറി ഓഫ് മാര്യേജ് അലയൻസ് VOL-1

# ബെത്‌ലെഹമിലെ

# കല്യാണവിശേഷങ്ങൾ

– ജോർജ്ജ് കാടൻകാവിൽ –

ബെത്‌ലെഹം പബ്ലിക്കേഷൻസ്



# ഉള്ളടക്കം






കല്യാണവിശേഷങ്ങൾക്ക് ഒരു അവലോകനം

ആമുഖം

1. നിങ്ങൾ എന്തിനാണ് കല്യാണം കഴിച്ചത്?
2. നിങ്ങൾ ആരെ കല്യാണം കഴിക്കും?
3. മേരിക്കുട്ടീടെ പേരെന്താ?
4. തമ്പുരാന്റെ സമാർട്ട് സിറ്റി
5. പെണ്ണിന് ചെറുക്കനെക്കാൾ പ്രായം കുടിയാൽ..
6. തിയറി ഓഫ് മാര്യേജ് അലയൻസ്
7. കണ്ണിൽ പെട്ടാൽ, കണ്ടൂന്ന് അറിയിക്കണ്ടേ?
8. വിവാഹാലോചനയിൽ പരിഗണിക്കാൻ എട്ടാമതൊരു ഘടകം
9. ഒരു വിവാഹത്തട്ടിപ്പിൽ നിന്നും രക്ഷപെട്ടതിന്റെ ഓർമ്മ
10. ഇഷ്ടവും സ്നേഹവും
11. പറയണോ വേണ്ടയോ ?
12. ശ്ശോ, ഇത് പറയണോ ?
13. ആരാ ആദ്യം പറയേണ്ടത് ?
14. വരുമെന്ന് പറഞ്ഞിട്ട്?
15. തലയിൽ വരച്ചവനെ, കാണുമ്പോളറിയാം
16. കെട്ടാൻ പോകുന്നവൻ വന്ന് പെണ്ണു കാണട്ടെ
17. ചിരിക്കുടുക്കയും! ചിലന്തിവലയും!!
18. സുന്ദരിയും പ്രിയങ്കരിയും !
19. എന്തിനാ ഈ കൗൺസിലിംഗ്?
20. ഒറ്റക്കാലൻ കൊക്ക്.
21. പ്രഷർ കുക്കറിൽ മുട്ട പുഴുങ്ങരുതെന്ന് അമ്മ പറഞ്ഞിട്ടുണ്ടത്രെ !
22. സൂചിമുഖി-പക്ഷികൾ
23. ഉപ്പിനെന്താ കുഴപ്പം ?
24. പ്രൊക്രസ്റ്റസിന്റെ കട്ടിൽ
25. കസ്തൂരിമാനിന്റെ ഗന്ധം
26. ഭർത്താവിന്റെ ഡിഗ്രി, കള്ളം











27. മനഃപൂർവ്വമുള്ള ചതി
28. ബന്ധങ്ങൾ നീതി തേടുന്നു!
29. രോഗിയായ വധുവിന് വരനെ ആവശ്യമുണ്ട്.
30. അയ്യോ! സൈക്കോളജിസ്റ്റാണോ? ...
31. പ്രവാസിയുടെ കല്യാണക്കാര്യം
32. മരമറിഞ്ഞു വേണ്ടേ കൊടിയിടാൻ
33. താൽപര്യം ഇല്ലെങ്കിൽ, അവർക്കത് തുറന്നു പറഞ്ഞു കൂടേ?
34. സത്യം പറഞ്ഞില്ലെങ്കിലും, കള്ളം പറയരുതേ !
35. തലയിൽ ഒരു ചങ്ങാടം
36. ഭാര്യയുടെ ശമ്പളം ?
37. ഇനി ഒരു ജാരനെ കിട്ടിയാൽ . .
38. 99 ശതമാനം മാച്ചിംഗ് ??
39. അവളെ ഡിവോഴ്സ് ചെയ്തിട്ട് ഇവളെ കല്യാണം കഴിച്ചാലോ ???
40. ഒരു ജോലി ഉണ്ടായിരുന്നെങ്കിൽ !
41. വിഡ്ഢീ ഈ കുശ്മാണ്ഡം, ഊംംം
42. ഇണയെ തേടുമ്പോൾ
43. ആദ്യം വരുന്ന ആലോചനകൾ
44. വിവാഹം, എന്തിനീ പൊല്ലാപ്പ് ?
45. ആളെ അറിയാൻ അര മണിക്കൂർ
46. എപ്പഴാണോ കല്യാണം
47. എവിടെയാണ് കഷണ്ടി? തലയിലോ, അതോ മനസ്സിലോ?
48. വരനും വധുവും പ്രസംഗിക്കും
49. പെണ്ണുകാണൽ എന്താ കളിതമാശയാണോ?
50. നിങ്ങളെന്തു കൊടുക്കും?
51. കല്യാണക്കാര്യത്തിലെ കാശിന്റെ കാര്യം
52. അനുകരണവും കൃത്രിമവും
53. ഫോട്ടോയും ഫോട്ടോഷോപ്പിഗും !
54. നാലും മൂന്നും കൂട്ടിയാൽ എത്രയാ കുതിരേ?












55. എള്ളിൻ കറുപ്പ് പുറത്താണ്, ഉള്ളിന്റെ ഉള്ള് തുടുത്താണ്.
56. പഴുത്ത പാവകൾ – ചുട്ടു പഴുത്ത ഇരുമ്പു പാവകൾ.
57. പാവയ്ക്കാ കൊച്ചേ! ഡും. ഡും.
58. സ്വന്തം വരുമാനം കൊണ്ടു കല്യാണം!
59. സ്ത്രീസ്വത്ത് ഇല്ലെങ്കിൽ;പിന്നെ കല്യാണച്ചിലവ് ?
60. കാശിന്റെ കാര്യങ്ങൾ പറയാതെ കല്യാണം നടത്തല്ലേ !
61. നോക്കണെ അവന്റെ ഒരു ഗമണ്ട്.!!
62. എന്താ അയാളുടെ ഒരു ഭാവം!!
63. ജനലിൽ കൂടി ഉള്ള കാഴ്ച.
64. ഒരു എൻജിനീയറുടെ ഉയർത്തെഴുന്നേൽപ്പ്!
65. കുരങ്ങന്റെ കസേര
66. രണ്ടുപേർ ഒരു ചിമ്മിനി വഴി ഇറങ്ങിവരുന്നു!!
67. പടക്കുതിരയോ, പന്തയക്കുതിരയോ?
68. പിനോക്യോയുടെ കാര്യം ഇനി മിണ്ടിപ്പോകരുത്
69. നവവധു മിണ്ടുന്നില്ല!
70. ഊമക്കത്തുകളും കള്ള ഫോൺവിളികളും
71. കല്യാണം മുടക്കികൾ
72. കല്യാണം മുടക്കി; ഒരു മനോരോഗി !
73. ഏറ്റവും പ്രിയപ്പെട്ട നാലാമത്തെ ഭാര്യ . .
74. പേരപ്പന്റെ ക്രൂരകൃത്യങ്ങൾ!
75. എന്നെ കെട്ടാൻ വന്ന പയ്യനെ എന്റെ കൂട്ടുകാരി വളച്ചെടുത്തു !
76. ആൾക്കൂട്ടത്തിന്റെ മനഃശാസ്ത്രം
77. പച്ചിലയുടെ നിറം പച്ചതന്നെയാണോ?
78. കപ്പ വേണോ, തേങ്ങ വേണോ ?
79. ഡൈവോഴ്സിയുടെ പെണ്ണുകാണൽ.
80. എഴുതാനും ! വായിക്കാനും ! അറിയാവുന്നവരെ അറിയാം !!
81. വാട്ട്സാപ്പിലിട്ട് ഭാര്യയെ പൊരിക്കുന്നവർ.
82. സ്വർഗ്ഗ-നരക ജംഗ്ഷനിലെ കള്ളനും സത്യവാനും!
83. ബുദ്ധിമാന്റെ ഉറുമ്പ്














84. എനിക്ക് രണ്ടപ്പം!
85. കുടത്തിലെ ഭൂതം
86. ഇണചേരലിന്റെ ഉത്തരവാദിത്വം.
87. എഡ്യൂക്കേഷനും ക്വാളിഫിക്കേഷനും.
88. സ്ത്രീ ഗർഭം ധരിക്കും മുമ്പ്, "കുഞ്ഞിന്റെ കവിത" എഴുതണം.
89. എഡ്ഡികറന്റ് ഇഫക്ട്



90. പട്ടി കടിച്ചാലോ?
91. മക്കളുടെ ഉടമസ്ഥരാണോ?
92. ശാപ്പാട്ടു രാമൻ വിദ്യയ്ക്ക് റൊമ്പമോശം!
93. ആയിരത്തിന്റെ നോട്ടിൽ ഒരു ഓട്ട !
94. അതിസുന്ദരി! വേട്ടക്കാരി! രാജകുമാരി എന്നിട്ടും അറ്റലാന്തയ്ക്ക്
95. കാലിഡോസ്കോപ്പ്
96. ദി ആർട്ട് ഓഫ് നെഗോഷ്യേഷൻ !
97. വിടു പെണ്ണുമ്പിള്ളേ, എനിക്ക് ഭാര്യയും മക്കളുമുണ്ട് !



98. കരിനാക്കു ദേവി
99. പരാതികൾ എന്തുകൊണ്ട്?
100. ശരിയും തെറ്റും ആപേക്ഷികമാണ്
101. ഡെയർ ഡെവിൾ മാർക്കറ്റിംഗ് !!!
102. നൊവേന ചൊല്ലിയാൽ കല്യാണം നടക്കുമോ?
103. എന്തിനാ ജീവിക്കുന്നത്?
104. നിലനില്പിന്റെ ആധാരം.
105. ഹൃദയമില്ലാത്ത ഇരുനൂറ് പുരുഷൻമാർ!?
106. നോക്കെടാ മണിക്കുറേ, തീർത്തു ഞാൻ നിന്റെ ആറെണ്ണം!
107. വയസ്സാൻ കാലത്ത് മിണ്ടാനും പറയാനും !
108. തുടങ്ങിയിടത്തു തിരിച്ചെത്തുമെങ്കിലും യാത്ര വെറുതെയാവില്ല.



109. സൃഷ്ടിയും നാശവും
110. വാദം തുടർന്നാൽ മൃതി നിന്ന നിൽപ്പിൽ!
വണക്കമാർന്നാൽ മൃതി പോർക്കളത്തിൽ !!
111. കഴിവും പ്രാപ്തിയും കണ്ടെത്തുവാൻ
112. മക്കളെ കെട്ടിക്കലാണോ മാതാപിതാക്കളുടെ അന്തിമലക്ഷ്യം?









# കല്യാണവിശേഷങ്ങൾക്ക് ഒരു അവലോകനം

ഫാ. ഡോ. തോമസ് കാടൻകാവിൽ സി.എം.ഐ.

ബത്‌ലെഹമിലെ കല്യാണ വിശേഷങ്ങൾ നൂറില ധികം കല്യാണ സന്ദർഭങ്ങളുടെ കഥ വസ്തുനിഷ്ഠമായും, രസകരമായും, ഉൾകാഴ്ച നല്കത്തക്കവിധവും പറഞ്ഞുവയ്ക്കുന്നു. വിവാഹശേഷം ഒരു കുടുംബം രൂപപ്പെട്ടുവരേണ്ടതിനെക്കുറിച്ച് വി. ചാവറ അച്ചൻ നല്കുന്ന മാർഗ്ഗ ദർശനത്തെക്കുറിച്ചും ഗ്രന്ഥകർത്താവ് സൂചിപ്പിക്കുന്നുണ്ട്. നേരംപോക്കിനു വേണ്ടി വായിച്ചു തള്ളാൻ മാത്രമല്ല പല ജീവിത സന്ദർഭങ്ങളിൽ നിന്നും വിലപ്പെട്ട പല പാഠങ്ങൾ പഠിക്കാനും, ജീവിതയാത്രയിൽ സഹയാത്രികനായി കൊണ്ടുപോകാനും ഈ കഥകൾ സഹായകമായിരിക്കും.

അനുഭവങ്ങൾ സൃഷ്ടിച്ച അനുഭൂതി എന്താണെന്നു കാണുവാൻ കല്യാണവിശേഷങ്ങളിലൂടെ ഞാൻ കടന്നുപോയി. ഇവ ഓരോന്നും നല്കുന്ന ഉൾക്കാഴ്ചയും, ആത്മധൈര്യവും വളരെ വിലപ്പെട്ടതുതന്നെ. എങ്കിലും ഹ്രസ്വമായ ഒരു പരാമർശം ലക്ഷ്യംവച്ച് അനുവാചകരിൽ ഉണർന്നു വരാവുന്ന ചില കൗതുക ചിന്തകളെമാത്രം ഇവിടെ സ്പർശിക്കുന്നു.

എല്ലാം സ്വന്ത ഇഷ്ടംപോലെ ചെയ്യണമെന്നാഗ്രഹിക്കുകയും അതിനുവേണ്ടി പരിശ്രമിയ്ക്കുകയും ചെയ്യുന്നവർ ഇഷ്ടപ്പെടാത്ത ഒരു സത്യപ്രസ്താവനയാണ് "ഒരാൾക്ക് സ്വന്തം ഇഷ്ടംപോലെ തനിച്ചുചെയ്യാൻ സാധിക്കാത്തതാണ് വിവാഹം" (തിയറി ഓഫ് മാര്യേജ് അലയൻസ്, No.6, P. 16) എന്നത്. ഇവിടെത്തന്നെ സഹായത്തിനു നീട്ടുന്ന ഒരു കൈയെക്കുറിച്ചും പറയുന്നുണ്ട്. "എല്ലാ ജീവജാലങ്ങളുടേയും ഉള്ളിൽ സൃഷ്ടാവ് ഇൻസ്റ്റാൾ ചെയ്തിരിക്കുന്ന സിസ്റ്റം സോഫ്റ്റ്‌വെയറിൽ ഇണയെ ആകർഷിക്കാനുള്ള പ്രോഗ്രാമും ഉൾപ്പെട്ടിരിക്കുന്നു." (P. 18). അന്വേഷണം അനന്തമായി നീണ്ടുപോകുമ്പോൾ "മൂഷിക സ്ത്രീ പിന്നെയും മൂഷികസ്ത്രീയായി മാറിയ" പഞ്ചതന്ത്ര കഥ ധാരാളം ഉൾക്കാഴ്ച നല്കുന്ന ഒരു പാഠംതന്നെ" (No. 8, P. 23).

പെരുമാറ്റ പ്രത്യേകതകൾ പഠിക്കാനും തത്വങ്ങൾ ആവിഷ്ക്കരിക്കാനും മനഃശാസ്ത്ര വിദഗ്ധരെ സഹായിക്കുന്ന അനേകം ജീവിത സന്ദർഭങ്ങൾ ഈ വിവരണങ്ങളിൽ കാണാം. സുന്ദരിയും പ്രിയങ്കരിയും അപ്രിയം ഉണ്ടാക്കാതെ പ്രിയങ്കരിയാകാൻ എന്തു ചെയ്യണമെന്നു പറയുന്നു. "ചിലർ റേഡിയോപോലെയാണ്. അങ്ങോട്ടുമാത്രമേ സംസാരിക്കൂ. ഇങ്ങോട്ട് ഒന്നും ശ്രവിക്കില്ല. പ്രിയംതോന്നണമെങ്കിൽ, മൂളി മൂളി കേൾക്കുന്ന നല്ല ഒരു ശ്രോതാവു കൂടി ആകണം" (No. 18, P. 46). അതുപോലെ സ്വന്ത അദ്ധ്വാനംകൊണ്ട് സഹധർമ്മിണിയുടെ അംഗീകാരം നേടി എടുക്കാൻ കസ്തൂരിമാനിന്റെ ഗന്ധത്തിന്റെ കഥ പറയുന്നത് മർമ്മത്തു കൊള്ളുന്ന ഉൾക്കാഴ്ച നല്കുന്നു (No. 25, P. 62).

താല്പര്യമില്ലെങ്കിൽ അവർക്കത് തുറന്നു പറഞ്ഞുകൂടേ? സാമൂഹ്യ ജീവിതത്തിന്റെ സങ്കീർണ്ണതയിലേയ്ക്കു വെളിച്ചം വീശുന്ന ഒരു നല്ല വിശകലനമാണ് (No. 33, P. 80). അതുപോലെതന്നെ എളുപ്പം നിർദ്ധാരണം ചെയ്യാൻ കഴിയാത്ത സാഹചര്യത്തിൽ ഓരോരുത്തർ വന്നുപെടുന്നതിന്റെ ഒരു ചിത്രീകരണം "സത്യം പറഞ്ഞില്ലെങ്കിലും കള്ളം പറയരുതേ!" എന്ന അനുഭവ വിവരണത്തിൽ കാണാം (No. 34, P.83). ഉദ്യോഗസ്ഥകളായ വീട്ടമ്മമാരുടെ സുന്ദരമായ ഒരു ഭാവാവിഷ്ക്കരണമാണ് തലയിൽ ഒരു ചെങ്ങാടം (No. 35, P. 86). ഇവിടെ പ്രശ്നനിർദ്ധാരണത്തിനായി മുന്നോട്ടുവച്ചിരിക്കുന്ന നിർദ്ദേശങ്ങൾ തീർച്ചയായും വളരെ വിലപ്പിടിപ്പുള്ളതു തന്നെ. അരമണിക്കൂർനേരത്തെ പെണ്ണുകാണൽ ചടങ്ങുകൊണ്ട്, ജീവിതകാലം മുഴുവൻ കൂടെ കഴിയാൻപറ്റിയ ആളാണോ ഇതെന്ന് എങ്ങനെ അറിയും എന്നുചോദിക്കുന്ന ഒരു യുവാവിന് കൗൺസിലർ നല്കുന്ന മറുപടി വിവാഹ ജീവിതത്തിൽ പ്രവേശിക്കുന്നവർ എന്നും ഓർമ്മയിൽ വയ്ക്കേണ്ടതാണ്. "അനിയാ, ഒരു വ്യക്തിയെ പൂർണ്ണമായി മനസ്സിലാക്കാൻ സത്യത്തിൽ ഒരായുഷ്ക്കാലം മതിയാവില്ല. വിവാഹംകൊണ്ട് പുരുഷനും സ്ത്രീയും പങ്കാളികളാകുന്നു. എന്നാൽ അതു ഉത്തമം, മധ്യമം, അല്ലെങ്കിൽ അധമം ആയിത്തീരുന്നത് പരസ്പരം ഇടപഴകുന്ന രീതിയെയും പ്രവർത്തനശൈലിയേയും ആശ്രയിച്ചായിരിക്കും" (No. 45, P. 109).

കാശിന്റെ കാര്യങ്ങൾ പറയാതെ കല്ല്യാണം നടത്തല്ലേ (No. 60, P. 139) എന്ന ഉപദേശം സ്ത്രീസ്വത്ത് ഇല്ലെങ്കിൽ പിന്നെ കല്ല്യാണച്ചിലവ് (No. 59, p. 137) എന്ന ലേഖനത്തെക്കുറിച്ച് ഒരു അനുവാചകനിൽ നിന്നു വന്ന നിരീക്ഷണം പൂർണ്ണമായും അംഗീകരിച്ചുകൊണ്ട് എഴുതിയതാണ്. "ഷോപ്പിംഗ്, അത് തനിച്ചായാലും, ഇരുകൂട്ടരുംകൂടി ആയാലും, അവനവന്റെ ആസ്തി

ക്കും, വരുമാനത്തിനും, ആവശ്യത്തിനും അനുസരിച്ചു ബഡ്ജറ്റ് തയ്യാറാക്കി, വേണ്ടപ്പെട്ടവർ തമ്മിൽ ധാരണ ഉണ്ടാക്കിവേണം നടത്താൻ. ഇൻവിറ്റേഷൻ, ബ്യൂട്ടീഷൻ, ഡെക്കറേഷൻ, കേറ്ററിങ്ങ്, ഫോട്ടോ, വീഡിയോ, ഇവന്റ് മാനേജുമെന്റ് ഇതൊന്നും വന്നവരുടെ മിടുക്കുപോലെ ആഘോഷിക്കാൻ വിട്ടുകൊടുക്കരുത്. ഓരോന്നിനും ബഡ്ജറ്റ്വെച്ച് അതിലൊതുങ്ങുന്ന വിധം വേണം ചിലവ് ചെയ്യാൻ" (No. 59, P. 139).

"നവവധു മിണ്ടുന്നില്ല!" എന്ന സംഭവവിവരണത്തിൽ പല അമ്മായിയമ്മമാരും കാണിക്കുന്ന ദുസ്വാതന്ത്ര്യം എങ്ങനെ അപകടകരമായിതീരുന്നു എന്നു വ്യക്തമാക്കുന്നു, "അത് സാറേ, അവൾക്ക് സ്ത്രീധനം കിട്ടിയത് കുറച്ചു സ്വർണ്ണവും 10 സെന്റ് സ്ഥലവുമായിരുന്നു. എന്റെ മൂത്ത മകളുടെ ഭർത്താവിന് ബിസിനസ്സാണ്. അതൊന്നു വിപുലപ്പെടുത്താനായി അവളുടെ ഒരു മാലയും രണ്ടു വളയും വിറ്റ് മൂത്തവൾക്ക് കൊടുക്കാമോ എന്നു ചോദിച്ചു. അവൾ സമ്മതിച്ചപ്രകാരം സ്വർണ്ണം വിറ്റു പണംകൊടുത്തു" (No. 69, P. 159). ഇതിനു നല്കുന്ന മറുപടി എല്ലാ വീട്ടമ്മമാരും ഓർമ്മയിൽ വയ്ക്കേണ്ടതാണ്. "നിങ്ങളുടെ മകൻ സംരക്ഷിച്ചുകൊള്ളുമെന്നു വിശ്വസിച്ച് അവന്റെകൂടെ ജീവിക്കാൻ ഇറങ്ങിത്തിരിച്ച ആ പെൺകൊച്ച്, ഭർത്താവിന്റെ വീട്ടിലെത്തി കല്ല്യാണത്തിന്റെ പുതുമോടി മാറിയില്ല, അതിനുമുമ്പ് തന്നെ മിണ്ടീം പറഞ്ഞും അവളുടെ ആഭരണങ്ങൾ വിട്ടുകൊടുക്കാൻ" (P. 160) സമ്മതിക്കേണ്ടി വന്നു! മരുമകൾ കാണിക്കുന്ന പല മര്യാദയില്ലായ്മയുടേയും ഉറവിടം അമ്മായിയമ്മമാരുടെ നേർപോക്കില്ലാത്ത പ്രവർത്തനശൈലിയായിരിക്കും.

ഒരു കടക്കാരൻ അഞ്ചു രൂപാ വിലയുള്ള ഒരു പേനായും 15 രൂപയും കസ്റ്റമർക്ക് അയാൾ നല്കിയ 20 രൂപാ നോട്ട് അയൽക്കാരനിൽ നിന്നു ചില്ലറ വാങ്ങി നല്കുന്നു. അല്പം കഴിഞ്ഞ് അയൽക്കാരൻ തനിക്കു കിട്ടിയ നോട്ട് കള്ളനോട്ടാണെന്ന് അറിഞ്ഞ് അതു തിരിച്ചു കൊടുക്കുന്നു. കടക്കാരൻ അതു കീറി കളഞ്ഞു. അപ്പോൾ അയാൾക്ക് എത്ര രൂപാ നഷ്ടമായി എന്ന പ്രശ്നം ഗ്രൂപ്പുകളിൽ ചർച്ച ചെയ്ത് 'ബഹുജനം പലവിധം' എന്ന് സൂചിപ്പിച്ചശേഷം, ഒരു മാര്യേജു പ്രൊപ്പോസൽ വരുമ്പോൾ അത് കുടുംബസദസ്സിൽ അവതരിപ്പിച്ചാൽ ഉണ്ടാകുന്ന പ്രതികരണം, ആ ആലോചനയുടെ തന്നെ അന്ത്യം കുറിക്കാൻ ഇടയാകേണ്ടി വരുമെന്ന് വളരെ ചടുലമായി ആൾക്കൂട്ടത്തിന്റെ മനഃശാസ്ത്രത്തിൽ (No. 76, P. 179) പറഞ്ഞുവയ്ക്കുന്നതു കാണാം. വിവാഹാലോചന പെരുവഴിയിൽ നിന്നല്ല നടത്തേണ്ടതെന്നു മനസ്സിലാക്കാൻ ഇതു ധാരാളം മതിയാകുമല്ലോ.

പട്ടികടിച്ചാലോ എന്ന ഭയത്തിൽ ഭയപ്പാടു തന്നെ ഒരുവൻ കണ്ടെത്തുമെന്നു കാണിക്കുന്നു. അതിനു കാരണം വച്ചുപുലർത്തുന്ന ഭയം തന്നെ. "വയസ്സാം കാലത്ത് മകനെ കൂടെ കിട്ടില്ല എന്ന നേരിയ പേടി എങ്കിലും നിങ്ങളുടെ ഉള്ളിൽ ഉണ്ടെങ്കിൽ അതു സംഭവിക്കുകതന്നെ ചെയ്യും. കാരണം നിങ്ങളുടെ ഓരോ ചെയ്തികളിലും ഉപബോധമനസ്സ് ഈ ഭയത്തിനെതിരെ എന്തെങ്കിലും ചരടുകളും തടസ്സങ്ങളും ഒരുക്കും. നിങ്ങളുടെ മകന് കാലക്രമത്തിൽ ഇത് അരോചകമായിത്തീരും. അവന്റെ ഉപബോധമനസ്സ് അരോചകമായ സാഹചര്യത്തിൽ നിന്നും അകന്നു നില്ക്കാവുന്ന മാർഗ്ഗങ്ങൾ കണ്ടെത്തും. ഫലത്തിൽ മകൻ നിങ്ങളിൽ നിന്നും അകലാൻ ശ്രമിക്കും" (No. 90, P. 215).

മക്കളുടെ നല്ല വളർത്തലിനെ സംബന്ധിച്ച് വി. ചാവറ എഴുതിയ ചാവരുളിനോടു കൂട്ടിചേർത്തു വായിക്കേണ്ടവയാണ് മക്കളുടെ ഉടമസ്ഥരാണോ? (No. 91, p. 216) എന്ന കുറിപ്പിൽ കാണുന്നത്. ഇതിൽ നിന്നും അഞ്ചു കാര്യങ്ങൾ മാത്രം ഇവിടെ ഉദ്ധരിക്കുന്നു. തുടർന്നു വരുന്ന രണ്ടു ഡസനോളം നിർദേശങ്ങളും ശ്രദ്ധാപൂർവ്വം വായിച്ചു നടപ്പിൽ വരുത്തേണ്ടവയാണ്. 1) മക്കളെ അംഗീകരിക്കണം. അവർക്കും അവരുടേതായ വ്യക്തിത്വമുണ്ട്. 2) മക്കളിൽ ഒരാളോടുമാത്രം പ്രത്യേകസ്നേഹം കാണിക്കരുത്. എല്ലാ മക്കളെയും തുല്ല്യരായി കാണണം. ഒരാളെ പുകഴ്ത്തുകയും മറ്റെ ആളെ പുച്ഛിക്കുകയും ചെയ്യരുത്. 3) മക്കളോട് വെളുത്ത കുട്ടി, കറുത്ത കുട്ടി എന്നുള്ള വ്യത്യാസം കാണിക്കരുത്. 4) മക്കളെ അനാവശ്യമായി സംശയിക്കരുത്. 5) മാതാപിതാക്കളും മക്കളും തമ്മിൽ നല്ലൊരു സുഹൃത്ബന്ധത്തിൽ ജീവിക്കണം.

അനുഭവസാക്ഷ്യത്തിന്റെ ഈ പെരുമഴയിലൂടെ ഉള്ള എന്റെ ഓട്ട പ്രദിക്ഷണം ആയിരത്തിന്റെ നോട്ടിൽ ഒരു ഓട്ട! എന്ന കഥയിലെ ഒരു ചെറിയ ഭാഗം ഉദ്ധരിച്ചുകൊണ്ട് അവസാനിപ്പിക്കാം. "ദൈവമേ ഇനി അടുത്ത മഴ എപ്പോഴാണോ പെയ്യുന്നത് എന്നു കരഞ്ഞു ചോദിച്ചുകൊണ്ട് അയാൾ സ്വപ്നത്തിൽ നിന്നും ഉണർന്നു.... ഇത്രയും കഥ എനിക്കു പറഞ്ഞു തന്നിട്ട് എന്നെ വിളിച്ച ആൾ പറഞ്ഞു, ജോർജ്ജു സാറേ, ബത്ലെഹമിൽ പേരു രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു പയ്യന്റെ അപ്പച്ചനാണ് ഞാൻ. മകന്റെ പ്രൊപ്പോസലുംകൊണ്ട് ഒരു രണ്ടു മാസം പരിശ്രമിച്ചപ്പോൾ അനുഭവിച്ചത് വിശദീകരിക്കാൻ ഒരു ഉപമ പറഞ്ഞതാണ് ഈ കഥ. പണ്ടൊക്കെ ബ്രോക്കറന്മാർ രണ്ടോ മൂന്നോ കേസുകാണിച്ചിട്ട് അതിൽ ഒരു തീരുമാനം ആയിട്ടേ പുതിയ കേസു

കൾ അവതരിപ്പിയ്ക്കുമായിരുന്നുള്ളു. ഇപ്പോ ഇന്റർനെറ്റും മൊബൈലും, ആപ്പും ഒക്കെയായിട്ട് നോട്ടു മഴപോലെ ചറുപിറെ പ്രൊപ്പോസൽ വരും. ഹരിച്ചും ഗുണിച്ചും നോക്കി, മുഷിഞ്ഞതും, കീറിയതും മാറ്റി ഒരു തീരുമാനം എടുക്കുമ്പോഴേയ്ക്ക്, ദേ വരുന്നു ഒരു പുത്തൻ കേസ്. ആ കേസു പഠിച്ച് ആദ്യം കിട്ടിയതാ നല്ല കേസ് എന്ന് മനസ്സിലാക്കുമ്പോഴേയ്ക്ക് ആദ്യത്തെ പ്രൊപ്പോസൽ കൈവിട്ടു പോകും. തിരിച്ചുവന്ന് അവസാനത്തെ കേസ് പുനരാലോചിക്കാൻ നോക്കുമ്പോൾ അതും കൈവിട്ടു പോയിട്ടുണ്ടാകും" (No.93, P. 220). "മറിച്ചും തിരിച്ചും ചിന്തിച്ച് മനഃപ്രയാസം വിളിച്ചു വരുത്തുന്നത് മിക്ക മനുഷ്യർക്കും ഉള്ള ഒരു സ്വഭാവ വിശേഷമാണ്" (P. 222).

ജീവിത സന്ദർഭങ്ങളിൽ നിന്നും അടർത്തി എടുത്ത രസകരവും, പ്രബോധനക്ഷമവുമായ കല്ല്യാണ വിശേഷങ്ങൾ ഏതൊരു വായനക്കാരനേയും സങ്കീർണ്ണമായ മനോവികാരങ്ങളിലൂടെ ഒരു ഉല്ലാസയാത്രയ്ക്കു സഹായിക്കാതിരിക്കില്ല. ഏതൊരു വായനക്കാരനും എന്റെ ഈ മനോവികാരത്തിൽ പങ്കുചേരുമെന്നു തന്നെയാണ് എന്റെ വിശ്വാസം.

"ഈ കല്ല്യാണ വിശേഷങ്ങളിലേയ്ക്ക് കടക്കാൻ ഒരു അവതാരകന്റെ ആവശ്യമേയില്ല. 112 വാതിലുകളുള്ള ഈ ബഹുവർണ്ണ സചിത്ര കൂടാരത്തിൽ എവിടുന്നു വേണമെങ്കിലും ആർക്കും പ്രവേശിക്കാം. ആവോളം ആസ്വദിച്ച് ഇറങ്ങി പോകുമ്പോൾ മനസ്സിന് നല്ല കുളിർമ്മയും, ശാന്തിയും, ദിശാബോധവും ലഭിക്കുമെന്നു തീർച്ച. എല്ലാ ആശംസകളും നേരുന്നു."

# ആമുഖം

തിയറി ഓഫ് മാര്യേജ് അലയൻസ് ഒന്നാം ഭാഗം "ബെത്‌ലെഹമിലെ കല്യാണ വിശേഷങ്ങൾ" എന്ന ഈ പുസ്തകത്തിന് ആമുഖം എഴുതാനിരുന്നപ്പോൾ എന്റെ മനസ്സിൽ പെട്ടെന്ന് വന്ന ഉപമ, പാൽ ഉറയൊഴിച്ചു വെച്ചിരുന്ന തൈരും കലത്തിൽ വീണ തവളയുടെ മറ്റൊരു പതിപ്പിനെക്കുറിച്ചാണ്.

തൈരുകലത്തിൽ നിന്നും പുറത്തേക്കു ചാടാൻ ശ്രമിച്ചെങ്കിലും കാലുറപ്പിക്കാൻ ബലമുള്ളതൊന്നും ഇല്ലാത്തതിനാൽ തവളക്ക് കലത്തിന്റെ വക്കോളം ഉയരത്തിൽ ചാടാൻ സാധിച്ചില്ല, മാത്രമല്ല ചാടിതിരികെ വീഴുമ്പോൾ തൈരിൽ മുങ്ങി പോകുകയും ചെയ്യും. പക്ഷേ പരിശ്രമം നിർത്താതെ കൈകാലിട്ടടിച്ച് പൊന്തിവന്ന് വീണ്ടും വീണ്ടും ചാടിക്കൊണ്ടേയിരുന്നതിനാൽ കുറെ സമയം കൊണ്ട് തൈര് കലങ്ങി വെണ്ണ രൂപപ്പെട്ടു. വെണ്ണ തരികൾ കൂടികൂടി വന്ന് ഒടുവിൽ വലിയ ഒരു കട്ടയായി. തവള അതിൽ കയറി രക്ഷപ്പെട്ടുവത്രെ.

ഇൻഡ്യൻ എയർഫോഴ്സിൽ ഇൻസ്ട്രുമെന്റ് ഫിറ്ററായിരുന്ന കോർപറൽ ജോർജ്ജും, ഇൻഡ്യൻ ആർമിയിൽ ഓർത്തോപീഡിക് നേഴ്സ് ആയിരുന്ന മേജർ ഗൗരിക്കുട്ടിയും തമ്മിൽ പ്രേമിച്ചു കല്യാണം കഴിച്ചു ജീവിച്ചു വരവേ, സ്വന്തം കുടുംബാംഗത്തിന്റെ വിവാഹം ആലോചിച്ച് ഉറപ്പിച്ച ശേഷം, കാശിന്റെ കണക്കു പറഞ്ഞ് അത് മുടങ്ങിപ്പോയതിന്റെ ഷോക്കിൽ ഞങ്ങൾ ഇരുവരും കാൽ തെറ്റി വീണു പോയ ഒരു തൈരിൻ കലമാണ് ഇന്നത്തെ ബെത്‌ലെഹം മാട്രിമോണിയലും, കമ്മീഷൻ വാങ്ങാത്ത ഈ വൈവാഹിക സേവന ശൈലിയും.

പ്രേമിച്ച് കല്യാണം കഴിച്ചവരാണെങ്കിലും ഇന്ന് അറേഞ്ചഡ് മാര്യേജിന് സഹായിക്കുന്ന നാട്ടിലെ ഏറ്റവും മികച്ച സംവിധാനം രൂപപ്പെടുവാൻ ഞങ്ങൾക്ക് ഇടയായത് ദൈവനിശ്ചയം ഒന്നു മാത്രം.

ആ തൈരിൻ കലത്തിൽ കിടന്ന് ഞങ്ങൾ രണ്ടാളും കൈകാലിട്ടടിച്ചും, തമ്മിൽതല്ലിയും ഓളം വെച്ചപ്പോൾ ഉരുണ്ടു കൂടിയ വെണ്ണതരികളാണ് ഈ പുസ്തകത്തിലെ കഥകൾ. ഇരുപത്തി നാലു വർഷം കൊണ്ട് ഉടലെടുത്ത ആ തരികൾ എല്ലാം തടുത്തുകൂട്ടി ശുദ്ധീകരിച്ച് ക്രമപ്പെടുത്തി എടുത്ത ഒരു വെണ്ണക്കട്ടിയാണ് ഈ ഗ്രന്ഥം.

അനുഭവങ്ങളുടെ തീച്ചൂള എന്നൊക്കെ എഴുതാനും പറയാനും നല്ല ഈണമുണ്ട്, പക്ഷേ അതിൽ ജീവിക്കാൻ വലിയ പ്രയാസമാണ്. ഒരുപാട് മനുഷ്യരുടെ അനുഭവങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാൻ എനിക്ക് അവസരം ലഭിച്ചത് എന്റെ തന്നെ തീച്ചൂളയിൽ നിന്നായിരുന്നു.

വിവാഹാലോചനയ്ക്ക് ഒരു പുത്തൻ സംസ്കാരം സൃഷ്ടിക്കാനുള്ള ആവേശത്തിൽ പ്രവർത്തനം തുടങ്ങിയെങ്കിലും, വലിയ കടബാദ്ധ്യതകളിലാണ് ഞങ്ങൾ ചെന്നു പെട്ടത്. ഇനി മുന്നോട്ടു നീങ്ങാനേ സാധിക്കാതെ എല്ലാം അടച്ചു പൂട്ടേണ്ടി വരും എന്ന സ്ഥിതിയിൽ വരെ എത്തി. അപ്പോൾ എന്റെ അപ്പൻ തറവാട് വിറ്റ് കുറച്ച് പണം സംഘടിപ്പിച്ച് എനിക്കു തന്നു കൊണ്ടു പറഞ്ഞു, നിന്റെ കടങ്ങൾ ഇതിന്റെ പലമടങ്ങ് വരുമെന്ന് അറിയാം. പക്ഷേ തൽകാലം പിടിച്ചു നിൽക്കാൻ ഇതു സഹായിക്കും.

എന്നിട്ട് അദ്ദേഹം എന്നോടു ചോദിച്ചു "എടാ നിന്നെ എത്ര പേർ അറിയും?" ഞാൻ പറഞ്ഞു "ആയിരക്കണക്കിന് ആളുകൾക്ക് എന്നെ അറിയാം."

അതിൽ എത്ര പേരേ നീ അറിയും?

എനിക്ക് ഉത്തരമുണ്ടായിരുന്നില്ല. അദ്ദേഹം തുടർന്നു, നീ അറിയുന്ന ആളുകളുടെ എണ്ണം വർദ്ധിപ്പിക്കുക. അവരെ ശ്രവിക്കുക, മൂളിമൂളി കേൾക്കുക. അവരുടെ വിഷമങ്ങൾ ചോദിച്ചു മനസ്സിലാക്കുക.

അപ്പന്റെ വാക്കുകൾ അനുസരിച്ച്, ഞാൻ ബെത്‌ലെഹമിലെ അംഗങ്ങളെ ഓരോരുത്തരെയായി ഫോണിൽ വിളിച്ച് സംസാരിച്ചു തുടങ്ങി. മൂളി മൂളി കേട്ടു. ഞാനറിയുന്ന ആളുകളുടെ എണ്ണം വർദ്ധിച്ചു വന്നു. എല്ലാവർക്കും ഉണ്ട് അനുഭവങ്ങളുടെ തീച്ചൂളകൾ.

അത്തരം തീച്ചൂളകളെക്കുറിച്ചുള്ള ചില കാഴ്ചപ്പാടുകളായിരുന്നു ബെത്‌ലെഹം ന്യൂസ് മാസികയിലെ എഡിറ്റോറിയലുകൾ. ഇവ ഓരോന്നും എന്റെ ഭാര്യയും മക്കളും ചേർന്ന് അതതിന്റെ ന്യായ-അന്യായങ്ങളെ കുറിച്ച് ഡിബേറ്റ് ചെയ്ത് വെട്ടിയും തിരുത്തിയും രൂപപ്പെട്ടു വന്നതാണ്. ഈ കഥകളെല്ലാം മറ്റ് ആനുകാലികങ്ങളിലും, സോഷ്യൽ മീഡിയായിലും പ്രചരിച്ചിട്ടുള്ളതുമാണ്.

ഇവയിൽ നിന്നും തിരഞ്ഞെടുത്ത ചില ലേഖനങ്ങൾ, മിന്നുകെട്ടിന്റെ പണിപ്പുരയിൽ എന്ന പുസ്തകമായി 2007 ൽ പ്രസിദ്ധീകരിച്ചു. അതിനു ശേഷം എഴുതിയ ലേഖനങ്ങൾ കൂടി ചേർത്ത് വിവാഹത്തിന്റെ ഏതാണ്ട് എല്ലാ പ്രശ്ന സാദ്ധ്യതകളെയും, പരിഹാര മാർഗങ്ങളെയും കുറിച്ചു പ്രതിപാദിക്കുകയാണ് "ബെത്‌ലെഹമിലെ കല്യാണ വിശേഷങ്ങൾ" എന്ന ഈ ബഹുവർണ്ണ സചിത്ര ഗ്രന്ഥത്തിന്റെ ഉദ്ദേശം.

കുടുംബത്തിന്റെയും, കുടുംബാംഗങ്ങളുടെയും മാറ്റുരച്ചു നോക്കുന്ന സന്ദർഭങ്ങളാണ് ഓരോ വിവാഹാലോചനയും. അങ്ങിനെ മാറ്റുരച്ചപ്പോൾ വേദനിച്ചു പോയ ഒരുപിടി മനുഷ്യരുടെ അനുഭവങ്ങളും, അതു മറികടക്കാനുള്ള ചില വ്യത്യസ്ത കാഴ്ചപ്പാടുകളുമാണ് ഈ ഗ്രന്ഥത്തിൽ.

വിവാഹാലോചന തുടങ്ങുമ്പോൾ തന്നെ ഈ കഥകൾ വായിക്കുന്നത്, പല സങ്കീർണ്ണതകളും ഒഴിവാക്കാൻ സഹായകരമായിരിക്കും.

എന്നോട് സങ്കടം പറയുന്ന ആളിന് ആശ്വാസം പകരണം എന്ന ഉദ്ദേശത്തിലാണ് ഓരോ സംഭവത്തിലും ഓരോരോ കാഴ്ചപ്പാടുകൾ അവതരിപ്പിച്ചിരിക്കുന്നത്. അതിനുള്ള കഥകളും ഉൾക്കാഴ്ചകളും ലഭിച്ചിരിക്കുന്നത്, നമ്മുടെ ഇടയിലെ ആചാര്യന്മാരുടെയും ഗുരുക്കന്മാരുടെയും പ്രബോധനങ്ങളിലും ഗ്രന്ഥങ്ങളിലും നിന്നാണ്. കുടുംബങ്ങളെ സംബന്ധിച്ച് നേർവഴി ചൂണ്ടിക്കാണിക്കേണ്ടി വന്ന സന്ദർഭങ്ങളിൽ വിശുദ്ധ കുര്യാക്കോസ് ഏലിയാസച്ചന്റെ ചാവരുൾ എന്നെ ഏറെ സ്വാധീനിച്ചിട്ടുണ്ട്.

സ്കൂളിൽ പഠിക്കുമ്പോൾ മുതൽ നാട്ടിലെ ഒട്ടു മിക്ക ലൈബ്രറികളിലും നിന്നെടുത്ത് വായിച്ചു കൂട്ടിയ പുസ്തകങ്ങളിലെ അറിവും, അനേകരുടെ തീച്ചൂളകളിൽ നിന്നും ലഭിച്ച തിരിച്ചറിവുകളുമാണ് വ്യത്യസ്തമായ കാഴ്ചപ്പാടുകൾ കണ്ടെത്താൻ എന്നെ സഹായിച്ചത്.

ഇതിലെ സംഭവങ്ങൾ വസ്തുനിഷ്ടമാണെങ്കിലും കഥാപാത്രങ്ങൾ ഞാൻ രൂപകല്പന ചെയതതാണ്. നമുക്കു ചുറ്റുമുള്ള ധാരാളം ആളുകളോട് ഈ കഥാപാത്രങ്ങൾക്ക് തീർച്ചയായും സാദൃശ്യം തോന്നും.

കുടുംബ പ്രശ്നങ്ങളിൽപെട്ട് എന്തു ചെയ്യണം എന്നറിയാതെ പകച്ചു പോകുന്നവർക്ക് ഈ ഗ്രന്ഥത്തിലെ ഏതെങ്കിലും ഒരു കാഴ്ചപ്പാട് പിടിവള്ളിയാകും എന്നാണെന്റെ വിശ്വാസം.ഇത് കൂടുതൽ ആളുകൾക്ക് ഉപകരിക്കണമെ എന്ന പ്രാർത്ഥനയോടെ ഈ പ്രയത്നം നമ്മുടെ കുടുംബങ്ങൾക്കായി സമർപ്പിക്കുന്നു.

സസ്നേഹം<br>**ജോർജ്ജ് കാടൻകാവിൽ.**

# നിങ്ങൾ എന്തിനാണ് കല്യാണം കഴിച്ചത്?

"നിങ്ങൾ എന്തിനാ കല്യാണം കഴിച്ചത്?" സ്വന്തം ഭാര്യയിൽ നിന്നും ഇങ്ങനൊരു ചോദ്യം ഒരിക്കലെങ്കിലും കേട്ടിട്ടില്ലാത്ത ഭർത്താക്കൻമാർ ഇന്നത്തെ തലമുറയിൽ അപൂർവ്വം ആയിരിക്കും. അഥവാ ഉണ്ടെങ്കിൽ, ആ ഭർത്താവിന് എടുത്തു പറയത്തക്ക എന്തെങ്കിലും പ്രത്യേകതയും ഉണ്ടായിരിക്കും. പല ഭാര്യമാരും ഭർത്താവിൽ നിന്നും തിരിച്ചും കേട്ടിരിക്കാവുന്ന ഒരു ചോദ്യമല്ലേ ഇത്? വിവാഹത്തിനു മുമ്പ് ഈ ചോദ്യം സ്വയം ചോദിച്ച് ഉത്തരം സ്വയം തേടിയിട്ടില്ലാത്ത ഏതൊരാളും ഈ ചോദ്യത്തിനു മുന്നിൽ ആദ്യം ഒന്നു പതറിപ്പോകും. എന്തെങ്കിലും മുട്ടാപ്പോക്കു മറുപടി തമാശയായി പറയുമെങ്കിലും, സ്വയം ചിന്തിക്കാൻ അവസരം ഒരുക്കുന്ന ഉപകാരപ്രദമായ ചോദ്യമാണിത്.

നിങ്ങൾ എന്തിനാ, **"എന്നെ"** കല്യാണം കഴിച്ചത്? എന്ന ചോദ്യമാണ് കൂടുതൽ അപകടം പിടിച്ചത്. നിന്നെ എനിക്ക് ഇഷ്ടമായിട്ടാണ്, നിന്നെ കൂടാതെ എനിക്ക് ജീവിക്കാനാവില്ലാ എന്ന ധ്വനിയിലുള്ള മറുപടി അല്ലെങ്കിൽ, പലതും കരച്ചിലും, കലഹവും, വഴക്കും, ബഹളവുമായി വിവാഹമോചനത്തിൽ വരെ ചെന്നെത്തും.


**"ആരെ വിവാഹം ചെയ്യണം"** എന്ന് ഒരു തീരുമാനം എടുക്കും മുമ്പ് അവശ്യം ചെയ്തിരിക്കേണ്ട ഒരു പ്രക്രിയ ആണ് **'എന്തിനാ വിവാഹം ചെയ്യുന്നത്'** എന്ന് സ്വയം ബോദ്ധ്യപ്പെടൽ. എന്തിനാ വിവാഹം ചെയ്യു



ന്നത് എന്ന് കണ്ടെത്തണമെങ്കിൽ അത് മറ്റൊരു ചോദ്യത്തിൽ നിന്നും തുടങ്ങണം. **‘എന്തിനാ ജീവിക്കുന്നത്?’**

ജനിച്ചു പോയതു കൊണ്ട് മാത്രം ജീവിച്ചു പോകുന്നവരാണ് നമ്മളെല്ലാം. ഞാൻ ആവശ്യപ്പെട്ടിട്ടല്ല ഞാൻ ജനിച്ചത്. എന്റെ മാതാപിതാക്കൾ ആവശ്യപ്പെട്ടിട്ടുമല്ല ഞാൻ ജനിച്ചത്. അവർക്ക് ഒരു കുഞ്ഞു വേണമെന്നേ ഉണ്ടായിരുന്നുള്ളു, എന്തുകൊണ്ട് ഞാൻ തന്നെ ആ കുഞ്ഞായി എന്നു ചോദിച്ചാൽ അവർക്കും ഉത്തരമില്ല.

കലൂർ ഇന്റർനാഷണൽ സ്റ്റേഡിയത്തിൽ നിന്നും കോഴിക്കോട് മാനാഞ്ചിറ മൈതാനം വരെ ഒരു ലക്ഷം പേർ പങ്കെടുക്കുന്ന ഒരു ഓട്ടമത്സരം ആലോചിച്ചു നോക്കുക. ആദ്യമെത്തുന്ന ആളിനു ട്രോഫിയും സമ്മാനങ്ങളും ലഭിക്കും, ബാക്കി തൊണ്ണൂറ്റി ഒൻപതിനായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റൊൻപത് പേരും മരിച്ചു പോകുന്ന ഒരു ജീവൻമരണ മത്സരത്തിലെ വിജയത്തിനു തുല്യമായിരുന്നു എന്റെയും, നമ്മളോരോരുത്തരുടെയും ജനനം.



ലക്ഷക്കണക്കിനു ബീജങ്ങളിൽ നിന്നും ഓടി ഒന്നാമതെത്തിയ ബീജത്തിനു ലഭിച്ച സമ്മാനമാണ് എന്റെ ജീവൻ. ബാക്കി ബീജങ്ങളെല്ലാം നശിച്ചു പോയി, ഞാൻ മാത്രം ജീവൻ നേടി. വേറൊരു ബീജമായിരുന്നു ആദ്യമെത്തിയിരുന്നത് എങ്കിൽ, വേറൊരു കുഞ്ഞ് ജനിക്കുമായിരുന്നു. ആ കുഞ്ഞിനും എന്റെ മാതാപിതാക്കൾ എന്റെ ഇതേ പേരു തന്നെ വിളിക്കുമായിരുന്നു. നിർത്താതെ ഓടി ആദ്യമെത്താൻ എനിക്ക് കരുത്തു തന്ന ഏതോ ഒരു ശക്തി നിശ്ചയിച്ചതാണ് ഞാൻ തന്നെ ജനിക്കണം എന്നത്. സൃഷ്ടാവ് സൃഷ്ടിച്ചു, ഇനി എത്ര കാലം ജീവിക്കും? മരിക്കും വരെ ജീവിക്കും. എപ്പോൾ മരിക്കും? അറിഞ്ഞു കൂടാ. ഏതോ ഒരു ശക്തി നിശ്ചയിക്കും വരെ ജീവിച്ചേ മതിയാകൂ. എന്നിട്ടെന്താ കാര്യം? ഇത്രയും കാലം ജീവിച്ചിട്ട് എന്തു കിട്ടി?

ഇത്രയും കാലം ഈ ഭൂമിയിൽ ജീവിച്ചിട്ട് നമുക്ക് സ്വന്തമായി കിട്ടിയതിനെല്ലാം ചേർത്ത് ഒറ്റവാക്കിൽ ഒരു പേരു പറയാം. **“അനുഭവങ്ങൾ”**

എനിക്കു കിട്ടിയിരിക്കുന്ന അനുഭവങ്ങളെല്ലാം എന്റെ മാത്രം സ്വന്തമാണ്. മറ്റാർക്കും അത് അവകാശപ്പെടുത്താൻ സാധിക്കില്ല. എനിക്കുള്ള മറ്റ് സ്ഥാവരജംഗമങ്ങളെല്ലാം എപ്പോൾ വേണമെങ്കിലും എന്റേതല്ലാതെ ആയിത്തീരാം. എന്റെ ശരീരം പോലും എന്നേക്കാൾ ഉപരി ആയി, മറ്റ് അനേകം സൂക്ഷ്മ ജീവികളുടെ കൈവശമാണ്. പക്ഷേ എന്റെ അനുഭവങ്ങൾ എക്കാലവും എന്റേതു മാത്രമായിരിക്കും. മരിക്കുമ്പോൾ എന്നോടൊപ്പം പോരാൻ ഈ അനുഭവങ്ങൾ മാത്രമേ എനിക്കുള്ളു.

ലഭിക്കുന്ന ഓരോ അനുഭവത്തിൽ നിന്നും നമ്മൾ ആറ്റിക്കുറുക്കി എടുക്കുന്ന ഒന്നാണ് **അനുഭൂതി.** എന്റെ അനുഭവത്തിൽ നിന്നും ഞാൻ കണ്ടെത്തുന്ന അനുഭൂതി നല്ലതാണോ മോശമാണോ എന്നു നിശ്ചയിക്കുന്നത് എന്റെ കാഴ്ചപ്പാടുകളാണ്. നല്ല അനുഭവത്തിൽ നിന്നു പോലും മോശം അനുഭൂതി സൃഷ്ടിക്കുന്ന എത്രയോ മനുഷ്യരാണ് നമുക്കു ചുറ്റും. വേദനിപ്പിക്കുന്ന അനുഭവങ്ങളിൽ നിന്നു പോലും നല്ല അനുഭൂതി കണ്ടെത്തുന്നവരും ധാരാളം ഉണ്ട്. ഇവർക്കു പക്ഷേ വാർത്താ പ്രാധാന്യം ലഭിക്കാറില്ല, അതുകൊണ്ട് മിക്കവരും ശ്രദ്ധിക്കപ്പെടാറില്ല എന്നേയുള്ളൂ. കോളിളക്കം സൃഷ്ടിക്കാൻ സാദ്ധ്യത ഉള്ള കാര്യങ്ങളെ വാർത്തയാ

കാറുള്ളൂ. നന്മ കാണുന്നവർക്കും ചെയ്യുന്നവർക്കും, വാർത്ത സൃഷ്ടിച്ച് ബഹളം വെയ്ക്കേണ്ട ആവശ്യവുമില്ല.

അനുഭവങ്ങൾ ഒന്നും ലഭിക്കുന്നില്ല എങ്കിൽ ഒരു മനുഷ്യനും അധികം നാൾ ജീവിച്ചിരിക്കാൻ സാധിക്കില്ല. പെട്ടെന്ന് ഒരു അത്യാഹിതം വന്ന് ഭൂമിയിലെ സകല മനുഷ്യരും മരിച്ചു പോയി എന്നു സങ്കല്പിക്കുക. നിങ്ങൾ ഒരാൾ മാത്രം ഭൂമിയിൽ അവശേഷിക്കപ്പെട്ടു. അപ്പോൾ ഈ ഭൂമിയുടെ മുഴുവനും ഉടമ നിങ്ങൾ മാത്രമായിരിക്കും. എന്തൊരു മഹാഭാഗ്യം

**ഞാൻ മാത്രം ജീവൻ നേടി. വേറൊരു ബീജമായിരുന്നു ആദ്യമെത്തിയിരുന്നത് എങ്കിൽ, വേറൊരു കുഞ്ഞ് ജനിക്കുമായിരുന്നു. ആ കുഞ്ഞിനും എന്റെ മാതാപിതാക്കൾ എന്റെ ഇതേ പേരു തന്നെ വിളിക്കുമായിരുന്നു.**

അല്ലേ?. ഇന്ന് ഒരു വീടോ, അല്പം സ്ഥലമോ, കാറോ, ആഭരണമോ വാങ്ങാൻ എത്ര കാലം ജോലി ചെയ്ത് ഹരിച്ചും ഗുണിച്ചും, മിച്ചംപിടിച്ചും, കടം വാങ്ങിയും, ഇ.എം.ഐ അടച്ചും കഷ്ടപ്പെടണം? ഭൂമിയുടെ ഉടമസ്ഥനായാൽ പിന്നെ ഇതെല്ലാം നിങ്ങളുടെ സ്വന്തം ആയിത്തീരും.

പക്ഷേ എന്താ ഗുണം? ആരു കാണാൻ? ആരെ കാണിക്കാൻ? നിങ്ങളുടെ കൈവശമുള്ളത് സ്വന്തമാക്കാനോ, ഉപയോഗിക്കാനോ, ആസ്വദിക്കാനോ ആഗ്രഹമുള്ള വേറേ ഒരാളെങ്കിലും കൂടി ഇല്ലെങ്കിൽ, ഉള്ളതിനൊന്നും ഒരു വിലയും ഇല്ലാതാകും. ഇന്നു ചെയ്യുന്ന ഒരു പ്രവൃത്തിക്കും പ്രസക്തി ഇല്ലാതാകും. രാവിലെ എണീക്കേണ്ട, പല്ലു തേക്കേണ്ട, കുളിക്കേണ്ട, വസ്ത്രം ധരിക്കേണ്ട, ഭക്ഷണം പോലും കഴിക്കേണ്ട. എന്തിനാ ഭക്ഷിക്കുന്നത്? ഊർജ്ജം കിട്ടാൻ, എന്തിനാ ഊർജ്ജം? ജോലി ചെയ്യാൻ, എന്താ ജോലി? മറ്റുള്ളവരോട് ഇടപെടൽ. ഇടപെടൽ കൊണ്ട് എന്തു ലഭിക്കും? **അനുഭവങ്ങൾ**. ഇടപെടാൻ ആരും ഇല്ലെങ്കിലോ? ഊർജ്ജം ആവശ്യമില്ലാതെ വരും. അനുഭവങ്ങൾ ഒന്നും ലഭിക്കാതെ വരും. പിന്നെ വെറുതെ ഇരുന്ന് ദ്രവിച്ച് മരിച്ചു പോകുകയേ മാർഗ്ഗം ഉള്ളു.

ഇടപെടാൻ ആരെങ്കിലും എവിടെയോ ഉണ്ടെന്ന് ഒരു വിശ്വാസം ഉണ്ടായാൽ, കുറെക്കാലം കൂടി പിടിച്ചു നിൽക്കാം. നിങ്ങളുടെ ഇപ്പോഴത്തെ ഏറ്റവും വലിയ ശത്രു മാത്രമാണ് ഭൂമിയിൽ ആകെ അവശേഷിച്ചിരിക്കുന്നത് എങ്കിലോ? ശത്രുത ഒക്കെ രണ്ടാളും മറക്കില്ലേ? നല്ല അനുഭവങ്ങൾ കിട്ടിയില്ലെങ്കിൽ മോശം അനുഭവം കിട്ടിയാലും മതി, പിടിച്ചു നിൽക്കാം. മദ്യപിച്ചു വരുന്ന ഭർത്താവിനോട് വഴക്കിട്ട് തല്ല് ചോദിച്ചു മേടിക്കുകയോ, കൊടുക്കുകയോ ഒക്കെ ചെയ്യുന്ന ഭാര്യമാരെ കണ്ടിട്ടുണ്ട്. നല്ലതൊന്നും കിട്ടാനില്ല എന്നു തെറ്റിദ്ധരിച്ച്, മോശമായാലും വേണ്ടില്ല, എന്തെങ്കിലും കിട്ടിയാൽ മതി എന്ന മട്ടിൽ വഴക്ക് അനുഭവിക്കുകയാണവർ.

സ്വന്തം നിലനിൽപ്പിന്റെ ആധാരമാണ് അനുഭവങ്ങൾ, അവ ലഭിക്കണമെങ്കിൽ മറ്റു മനുഷ്യർ ഉണ്ടായേ മതിയാകൂ. ഏതെങ്കിലും കുറെ മനുഷ്യരുണ്ടെങ്കിൽ, എന്തെങ്കിലും ഒക്കെ അനുഭവങ്ങൾ ലഭിച്ച് നിങ്ങൾ നിലനിൽക്കും. എന്നാൽ ഒരു മനുഷ്യന് അനുഭവിക്കാവുന്ന എല്ലാ അനുഭവങ്ങളും, അനുഭൂതികളും ലഭിക്കണമെങ്കിൽ ആണും പെണ്ണുമായി രണ്ട് മനുഷ്യ ജീവികൾ വേണം. ആണും പെണ്ണും ചേർന്നാൽ, മറ്റുള്ളതിൽ നിന്നും വ്യത്യസ്തമായി സൃഷ്ടിക്കുന്ന അനുഭവങ്ങളാണ് ലൈംഗിക ബന്ധവും, സന്താനോല്പാദനവും. അങ്ങനെ ആണും പെണ്ണും ചേർന്ന് മനുഷ്യന്റെ നിലനിൽപ്പിന് ഏറ്റവും അത്യാവശ്യമായ ഘടകമായ **മറ്റു മനുഷ്യരെ** സൃഷ്ടിക്കുന്നു. അതാണ് സൃഷ്ടാവിന്റെ പദ്ധതി. അതാണ് നമ്മുടെ കുഞ്ഞുങ്ങൾ.

മാതാപിതാക്കൾക്ക് നിരന്തരം അനുഭവങ്ങൾ പകർന്നു കൊടുത്തു കൊണ്ടേയിരിക്കും കുഞ്ഞുങ്ങൾ. അവർക്ക് നല്ലതു സംഭവിച്ചാലും, മോശം സംഭവിച്ചാലും, മാതാപിതാക്കൾക്ക് മരിക്കുന്നതു വരെ പിടിച്ചു നിൽക്കാൻ ആവശ്യമായ അനുഭവങ്ങളുടെ നിലയ്ക്കാത്ത സ്രോതസ്സ് ആയിരിക്കും കുഞ്ഞുങ്ങൾ.

പക്ഷേ സമൂഹത്തിന് ചില ഉത്കണ്ഠകളുണ്ട്, ആണും പെണ്ണും ചേർന്ന് സൃഷ്ടിക്കുന്ന അനുഭവങ്ങളുടെയും, അതുമൂലമുണ്ടാകുന്ന ആസ്തി ബാദ്ധ്യതകളുടെയും, സന്താനങ്ങളുടെയും ഉത്തരവാദിത്വം ജന്മം കൊടുത്തവർ തന്നെ ഏറ്റെടുക്കണം. അതുകൊണ്ട് ആണിനും പെണ്ണിനും ഒന്നു ചേർന്ന് ജീവിക്കാനും, ആ ജീവിതത്തിൽ ഉടലെടുക്കുന്ന ഉത്തരവാദിത്വങ്ങൾ നിശ്ചയിച്ചു കൊടുക്കാനും ഉതകുന്ന ഒരു സംവിധാനം സമൂഹം കണ്ടു പിടിച്ചു. അതാണ് **കുടുംബം.**

അനേകം തലമുറകളിലൂടെ പരീക്ഷിച്ച്, പരിഷ്ക രിച്ച്, ഏറ്റവും ഉചിതമെന്നു ലോകത്തിലെ സകല ഭര ണഘടനകളും, വിശ്വാസ സമൂഹങ്ങളും അംഗീകരി ച്ചിരിക്കുന്ന കുടുംബം എന്ന ഈ മഹത്തായ സംവി ധാനത്തിന്റെ ഉദ്ഘാടന കർമ്മമാണ് **വിവാഹം.**

ആണും പെണ്ണും ചേർന്ന് ഒരുമിച്ച് ജീവിച്ച്, മനുഷ്യ വംശം നിലനിർത്താൻ അവശ്യം വേണ്ട മറ്റു മനു ഷ്യരെയും (കുഞ്ഞുങ്ങളെയും) സൃഷ്ടിച്ച്, പരിചരിച്ച്, മരണം വരെ നിലനിൽക്കാൻ ആവശ്യമായ എല്ലാ വിധ അനുഭവങ്ങളും അനുഭൂതികളും മനോധർമ്മമനു സരിച്ച് സൃഷ്ടിക്കാവുന്ന കുടുംബം എന്ന സംവി ധാനം സ്വന്തമായി ലഭിക്കാൻ വേണ്ടി ആയിരിക്കണം കല്യാണം കഴിക്കേണ്ടത് എന്നാണ് എന്റെ കണ്ടെ ത്തൽ.

പക്ഷേ, എന്റെ കണ്ടെത്തൽ അതേ പടി ആരും വിശ്വസിക്കേണ്ടതില്ല. തന്നത്താൻ ആലോചിച്ച് എന്തി നാണ് നിങ്ങൾ വിവാഹം ചെയ്യുന്നത് എന്ന് വ്യക്ത മായി എഴുതിവെക്കാൻ നിങ്ങൾക്കു സാധിക്കണം. എങ്കിൽ, ആരെ വിവാഹം ചെയ്യണം എന്നു സംശയ മില്ലാതെ തീരുമാനമെടുക്കാനും, അവരെ കണ്ടെ ത്താനും വിഷമിക്കേണ്ടി വരില്ല.

*ഇനി, അഥവാ വിവാഹം നടന്നില്ലെങ്കിലും, സ്വന്തം കുഞ്ഞുങ്ങൾ ജനിച്ചില്ലെങ്കിലും, വിവാഹ ജീവിതം സാദ്ധ്യമല്ലെങ്കിലും വിഷമിക്കരുത്, സഹജീവികളെ സ്വന്തമായി കരുതി പരിചരിച്ചാൽ അതിനു തക്ക അനുഭവങ്ങൾ തിരികെ ലഭിക്കും.*

April 05, 2019

